**POLICE** **DEPARTMENT**

**KERALA**

**No. E3-15353/2020/KAP-V(1)**
Kerala Armed Police-V,
Idukki
✉cmdtkap5.pol@kerala.gov.in
📞04869233072
Dated. 23-11-2021

**ലേല പരസ്യം**

കെ എ പി അഞ്ചാം ബറ്റാലിയൻ ആസ്ഥാന ക്യാമ്പിലെ ഡ്രൈ ക്യാൻറീനിലെ കാലപ്പഴക്കമുള്ള സാധനങ്ങൾ 04/12/2021 തീയ്യതി രാവിലെ 11.00 മണിക്ക് കെ എ പി അഞ്ചാം ബറ്റാലിയൻ ആസ്ഥാനത്ത് വെച്ച് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. (സാധനങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് )

**നിബന്ധനകൾ**

(1) പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരത ദ്രവ്യമായി 500/- രൂപ ലേല ദിവസം രാവിലെ ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കാൻ താൽപര്യം ഉള്ളവർ അവരുടെ തിരിച്ചറിയൽ / മേൽവിലാസം തെളിയിക്കുന്ന രേഖകൾ ലേലം തുടങ്ങുന്നതിന് മുൻപ് തന്നെ ലേലം നടത്തുന്ന ഉദ്യോഗസ്ഥരെ കാണിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

(2) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സമ്മതത്തോട് കൂടി ലേല ദിവസത്തിന് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 നും, വൈകിട്ട് 05 നും ഇടയ്ക്കുള്ള സമയങ്ങളിൽ ബന്ധപ്പെട്ട ഓഫീസറുടെ സാന്നിധ്യത്തിൽ ലേലം ചെയ്യുന്നവ പരിശോധിക്കാവുന്നതാണ്. പരിശോധിക്കുവാൻ വരുന്നവർ തിരിച്ചറിയൽ രേഖ കൈവശം കരുതേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്.

(3) സീൽ വെച്ച ദർഘാസുകൾ നല്കുവാൻ താൽപര്യം ഉള്ളവർ നിരത ദ്രവ്യം, കെ എ പി അഞ്ചാം ബറ്റാലിയൻ ഓഫീസിൽ ഒടുക്കിയ രസീതി അടക്കം , കമാണ്ടൻറ്, കെ എ പി അഞ്ചാം ബറ്റാലിയൻ, കട്ടിക്കാനം, ഇടുക്കി 685531 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ കിട്ടത്തക്കവണ്ണം അയക്കേണ്ടതാണ്.

(4) ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം / ദർഘാസ് കൊള്ളുന്ന വ്യക്തിക്ക് ലേലം/ദർഘാസ് താൽകാലികമായി ഉറപ്പിക്കുന്നതും, ലേലം കൊണ്ടയാൾ നിരതദ്രവ്യം ഉൾപ്പെടെ ലേലത്തുകയുടെ പകുതി തുകയും ലേലം ഉറപ്പിച്ച തുകയുടെ 18 % ജി എസ് ടി യും ബറ്റാലിയൻ കാഷ്യർ വശം അടച്ച് രസീതി കൈപ്പറ്റേണ്ടതാണ്. ലേലം സ്ഥിരപ്പെടുതോയ ശേഷം ലേലത്തുകയുടെ ബാക്കി ബറ്റാലിയൻ കാഷ്യർ വശം അടച്ച് രസീതി കൈപ്പറ്റേണ്ടതാണ്.

(5) ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞയുടനെ തന്നെ തിരിച്ച് നൽകുന്നതാണ്.

(6) ലേലത്തിന് ശേഷം ലേലം കൊണ്ടയാൾക്കുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഡിപ്പാർട്ട് മെൻറ് യാതൊരു വിധത്തിലും ഉത്തരവാദിയാകുന്നതല്ല.

(7) മേൽ പ്രസ്താവിച്ച ലേലവ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ലേലം അസ്ഥിരപ്പെടുത്തുന്നതും, പുനർ ലേലം ചെയ്യുന്നതുമായിരിക്കും. അപ്രകാരം നടത്തുന്ന പുനർലേലത്തിൽ സർക്കാരിന് ഉണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും, മറിച്ച് ലാഭമാണ് ഉണ്ടാകുന്നതെങ്കിൽ ആയതിനു മുൻ ലേലക്കാരനു യാതൊരു വിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

(8) യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റിവെക്കുന്നതിനും ലേലം അസ്ഥിരപ്പെടുത്തന്നതിനുമുള്ള അധികാരം കെ എ പി അഞ്ചാം ദളം കമാണ്ടൻറിൽ നിക്ഷിപ്തമായിരിക്കും. ലേലം സംബന്ധിച്ച എല്ലാ

സർക്കാർ വ്യവസ്ഥകളും ഈ ലേല നടപടികൾക്കും ബാധകമായിരിക്കും.

(9) കോവിഡ് 19 പ്രോട്ടോകോൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

Bobby Kurian
Commandant

| | | |
|---|---|---|
| To | : | ബോർഡ് അംഗങ്ങൾക്ക് : അറിവിലേക്കും, തുടർ നടപടികൾക്കുമായും അയക്കുന്നു. കോവിഡ് 19 പ്രോട്ടോകോൾ നിർബന്ധമായും പാലിക്കേണ്ടതാണ് |
| Copy To | : | 1. എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, കമ്മീഷണർമാർക്കും എല്ലാ കമാണ്ടന്റ്മാർക്കും അറിവിലേക്കും പരസ്യത്തിനുമായി. 2. പഞ്ചായത്ത് സെക്രട്ടറി, പീരുമേട് : അറിവിലേക്കും പരസ്യത്തിനുമായി. 3. ഡെപ്യൂട്ടി കമാണ്ടന്റ്, അസിസ്റ്റന്റ് കമാണ്ടന്റ് (ക്യൂ എം), അസിസ്റ്റന്റ് കമാണ്ടന്റ് (അഡ്ജ്) കെ എ പി അഞ്ചാം ദളം എന്നിവർക്ക് അറിവിനായി 4. എല്ലാ കമാണ്ടിംഗ് ഓഫീസർമാർക്കും ആവശ്യമായ പരസ്യത്തിനായി. 5. കെ എ പി അഞ്ചാം ബറ്റാലിയൻ നോട്ടീസ് ബോർഡിൽ പതിക്കുന്നതിനായി 6. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് , മാനേജർ, കമാണ്ടന്റിന്റെ സി എ, കാഷ്യർ എന്നിവർക്ക് അറിവിലേക്കും തുടർ നടപടികൾക്കുമായും അയക്കുന്നു. 7. ഓഫീസ് നോട്ടീസ് ബോർഡ്, സ്റ്റോക്ക് ഫയൽ |